# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6064 — 04.11.2016 -ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.റോജി.എം.ജോൺ<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന 19 പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി<br>2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടംകൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം.<br>3. വിവാഹ ധനസഹായ പദ്ധതി.<br>4. പെൻഷൻ<br>5. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി<br>6. ആം ആദ്മി ബീമ യോജന<br>7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി<br>8. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്<br>9. കുടുംബ സംവിധാന പദ്ധതി<br>10. മാരകരോഗ ചികിത്സാ പദ്ധതി<br>11. ചെയർമാൻസ് റിലീഫ് ഫണ്ട്<br>12. ബോർഡിന്റെ പ്രത്യേക ധനസഹായം<br>13. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി<br>14. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി<br>15. ബോധവൽക്കരണ പരിപാടി |

16. വിധവാ പെൻഷൻ
17. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി
18. തണൽ പദ്ധതി
19. അപകടം മൂലമുണ്ടാകുന്ന താത്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി

(ബി) ബോർഡ് മുഖാന്തിരം മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് നൽകുന്ന ധനസഹായം സംബന്ധിച്ച വിശദാംശം നൽകുമോ?

(ബി) ഉണ്ട്. 1986 സെപ്റ്റംബർ മാസം മുതൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| അപകടമരണം | 5 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടം മൂലം കാണാതാകൽ | 5 ലക്ഷം രൂപ |
| അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത | 5 ലക്ഷം രൂപ |
| അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത | 2.5 ലക്ഷം രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5000/-രൂപ പ്രകാരം പരമാവധി 10,000/- രൂപ |
| അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |

സെക്ഷൻ ഓഫീസർ